# ഇരിങ്ങാലക്കുട നഗരസഭ കാര്യാലയം

**ഇരിങ്ങാലക്കുട പി. ഒ., തൃശ്ശൂർ – 680121**

ഫോൺ : 0480-2825238, Email: secretaryijk@gmail.com


R4-14887/24 24/06/2026

## ലേലം / ടെണ്ടർ നോട്ടീസ്

ഇരിങ്ങാലക്കുട നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സിലെ വാണിജ്യാവശ്യത്തിനുള്ള താഴെ പറയുന്ന മുറികൾ, പൂതംകുളം ടേക്ക് എ ബ്രേക്ക് എന്നിവ പ്രതിമാസ വാടക പ്രകാരം ലൈസൻസ് വ്യവസ്ഥയിൽ ഉപയോഗിക്കുന്നതിനുള്ള അവകാശം 07/07/2026 രാവിലെ 11.00 മണിക്ക് നഗരസഭയിൽ വെച്ച് അംഗീകരിച്ചിട്ടുള്ള ലേല നിബന്ധനകൾക്കും ചട്ടങ്ങൾക്കും വിധേയമായി ലേലം ചെയ്ത് നൽകുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിയമാനുസൃതമുള്ള നിരതദ്രവ്യം ഒടുക്കിയതിന്റെ രശീതി , ആധാർ കാർഡിന്റെ പകർപ്പ് എന്നിവ ലേലത്തിന് ½ മണിക്കൂർ മുമ്പ് ഹാജരാക്കേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുന്നവർ നിരതദ്രവ്യം സെക്രട്ടറിയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റോ, ഓഫീസിൽ പണമടച്ച രസീതോ ആയി ടെണ്ടറിനോടൊപ്പം ഉള്ളടക്കം ചെയ്ത കവറിൽ ഐറ്റം രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. നഗരകാര്യം , പൊതുമരാമത്ത് വകുപ്പുകളുടെ നിലവിലുള്ള നിബന്ധനകൾ ഈ ലേലം / ടെണ്ടറിന് ബാധകമാകുന്നതാണ്. ലേല ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടക്കുന്നതായിരിക്കും വിശദ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ റെവന്യൂ വിഭാഗത്തിൽ നിന്നും അറിയുന്നതായിരിക്കും.

| ഷോപ്പിംഗ് കോംപ്ലക്സ് | മിനിമം ഡെപ്പോസിറ്റ് | EMD | Rent |
|---|---|---|---|
| കസ്തൂർഭ വനിത കോംപ്ലക്സ് – FF | | | |
| 22/692/8 | 50000 | 1250 | 2500 |
| 22/692/9 (SC/ST സംവരണം) | 9000 | 225 | 3000 |
| | | | |
| പൂതംകുളം ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 16/961 | 250000 | 6250 | 2200 |
| പുതിയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്– FF | | | |
| 24/466 | 250000 | 6250 | 6000 |
| 24/467 | 250000 | 6250 | 6000 |
| പച്ചക്കറി മാർക്കറ്റിലെ പുതിയ കെട്ടിടങ്ങൾ | | | |
| 19/637 | 50000 | 1250 | 2000 |
| 19/642 | 51000 | 1275 | 2000 |
| 19/735 | 200000 | 5000 | 1500 |
| 19/736 | 100000 | 2500 | 2000 |
| പൂതംകുളം ടേക്ക് എ ബ്രേക്ക് | 25000 | 625 | 2500 |
| മാപ്രാണം സെന്റർ ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 10/494 | 2.05.000 | 4000 | 5125 |

(PTO)

## ലേല വ്യവസ്ഥകൾ

1).മുനിസിപ്പാലിറ്റിയുടെ പൊതു ലേല വ്യവസ്ഥകളും ലേല നടപടികൾക്കുള്ള മറ്റ് സർക്കാർ വ്യവസ്ഥകളും ഇതിന് ബാധകമായിട്ടുള്ളതാണ്. ലേല സംഖ്യക്ക് പുറമെ ബാധകമായ നികുതികളും അടക്കാൻ ലൈസൻസിക്ക് ബാധ്യതയുണ്ട്.

2). ലേലത്തിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വെച്ചയാൾ ലേല സംഖ്യയുടെ 50% അപ്പോൾ തന്നെ കെട്ടി വെയ്ക്കേണ്ടതും ബാക്കി തുക നഗരസഭ ലേലം അംഗീകരിച്ച് അറിയിക്കുന്ന മുറയ്ക്ക് 7 ദിവസത്തിനുള്ളിൽ കെട്ടിവെക്കേണ്ടതുമാണ്.

3). ലേലം കൊണ്ടയാൾക്ക് ലേല സംഖ്യ നിശ്ചിത സമയത്തിനകം അടക്കാൻ കഴിയാതിരുന്നാലോ എഗ്രിമെന്റ് വയ്ക്കുന്നതിൽ വീഴ്ച്ച വരുത്തുകയോ ചെയ്താൽ നഗരസഭയ്ക്ക് പ്രസ്തുത ലേലവകാശം റദ്ദാക്കാനും തൊട്ടടുത്ത ഉയർന്ന സംഖ്യ രേഖപ്പെടുത്തിയ വ്യക്തിക്കോ ഗ്രൂപ്പുകൾക്കോ ലേലം ഉറപ്പിച്ച് നൽകുവാനും അവകാശമുണ്ടായിരിക്കുന്നതാണ്.

4). ലേലം അംഗീകരിക്കുന്നതിനും, കാരണം കൂടാതെ ഒഴിവാക്കുന്നതിനും കൗൺസിലിന് പൂർണ്ണ അധികാരമുണ്ടായിരിക്കും.

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയത്ത് റവന്യൂ വിഭാഗത്തിൽ നിന്നോ www.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നോ അറിയാവുന്നതാണ്.

ഇരിങ്ങാലക്കുട നഗരസഭ കാര്യാലയം ഇരിങ്ങാലക്കുട - 680 121

സെക്രട്ടറി
ഇരിങ്ങാലക്കുട നഗരസഭ

പകർപ്പ് – ബഹു.നഗരസഭ ചെയർപേഴ്സൺ, വൈസ് ചെയർമാൻ മേശപ്പുറത്ത്
മെയിൻ ഓഫീസ് , സോണൽ ഓഫീസ് ,
അസി.സെക്രട്ടറി, റവന്യൂ ഇൻസ്പെക്ടർമാർ,
പ്രസിദ്ധീകരണത്തിന്
നോട്ടീസ് ബോർഡ് – വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസ്